## പതിനാലാം കേരള നിയമസഭ
### പതിനെട്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.261** 03.02.2020 - ൽ മറുപടിയ്ക്ക്

## കോതമംഗലം മണ്ഡലത്തിൽ 108 ആംബുലൻസുകളുടെ സേവനം

| ചോദ്യം<br>ശ്രീ.ആന്റണി ജോൺ : | മറുപടി<br>ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിതാ-ശിശു വികസനവും വകുപ്പ് മന്ത്രി) |
|---|---|
| (എ) കോതമംഗലം മണ്ഡലത്തിൽ 108 ആംബുലൻസുകളുടെ സേവനം ഏതെല്ലാം ആശുപത്രികളിൽ ലഭ്യമാണ് എന്ന് വിശദമാക്കാമോ; | (എ) കോതമംഗലം താലൂക്ക്ഹോസ്പിറ്റൽ, മൂവാറ്റുപുഴ ജനറൽ ഹോസ്പിറ്റൽ, പെരുമ്പാവൂർ താലൂക്ക് ഹോസ്പിറ്റൽ, നേര്യമംഗലം കമ്മ്യൂണിറ്റി ഹെൽത്ത് സെൻറർ, പല്ലാരിമംഗലം കമ്മ്യൂണിറ്റി ഹെൽത്ത് സെൻറർ എന്നിവിടങ്ങളിൽ 108 ആംബുലൻസുകളുടെ സേവനം ലഭ്യമാണ്. |
| (ബി) 108 ആംബുലൻസിന്റെ നടത്തിപ്പു, ചുമതലയും ആർക്കാണ് നൽകിയിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ; | (ബി) 108 ആംബുലൻസിന്റെ നടത്തിപ്പിനായി ജി.വി.കെ.-ഇ.എം.ആർ.ഐ എന്ന കമ്പനിയ്ക്കാണ് കരാർ നൽകിയിട്ടുള്ളത്. |
| (സി) കോതമംഗലം മണ്ഡലത്തിലെ വിവിധ ആശുപത്രികളിൽ അനുവദിച്ചിട്ടുള്ള 108 ആംബുലൻസുകളിൽ ഡ്രൈവർ, ടെക്നീഷ്യൻസ്, നഴ്സ് അടക്കമുള്ള സ്റ്റാഫുകളെ നിയമിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (സി) ഉണ്ട്. കോതമംഗലം താലൂക്ക് ഹോസ്പിറ്റലിൽ 24 മണിക്കൂറും, പല്ലാരിമംഗലം കമ്മ്യൂണിറ്റി ഹെൽത്ത് സെൻററിൽ 12 മണിക്കൂറും, കുട്ടമ്പുഴ പ്രൈമറി ഹെൽത്ത് സെൻററിൽ 12 മണിക്കൂറും സേവനം ലഭിക്കുന്ന രീതിയിൽ 108 ആംബുലൻസുകളിൽ സ്റ്റാഫുകളായി എമർജൻസി മെഡിക്കൽ ടെക്നീഷ്യനെയും (നഴ്സ്), ഡ്രൈവറെയും നിയമിച്ചിട്ടുണ്ട്. |
| (ഡി) 108 ആംബുലൻസ് വഴി എന്തെല്ലാം സേവനങ്ങൾ ലഭ്യമാകുന്നു എന്ന് വിശദമാക്കാമോ; | (ഡി) സംസ്ഥാനത്താകമാനം റോഡപകടങ്ങളിൽ പെടുന്നതും, ആരോഗ്യപരമായി ജീവനു ഭീക്ഷണി നേരിടുന്നതുമായ ഏതൊരു വ്യക്തിയേയും സമയബന്ധിതമായി പ്രഥമ ശുശ്രൂഷക്ക് ശേഷം അടിയന്തിര ചികിത്സ ലഭ്യമാക്കുന്നതിന് ആശുപത്രികളിൽ എത്തിക്കുക എന്നുള്ളതാണ് ഈ പദ്ധതിയുടെ പ്രാഥമിക ലക്ഷ്യം. 108 എന്ന ടോൾഫ്രീ നമ്പർ വഴിയോ മൊബൈൽ ആപ്ലിക്കേഷൻ വഴിയോ കേന്ദ്രീകൃത കോൾസെന്ററിന്റെ സഹായത്തോടെ സൗജന്യ |

| | | | |
|---|---|---|---|
| | | | ആംബുലൻസ് സേവനം പ്രാപ്യമാക്കുന്ന തരത്തിലാണ് 108 ആംബുലൻസിന്റെ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചിരിക്കുന്നത്. പരിശീലനം ലഭിച്ച എമർജൻസി റെസ്പോൺസ് ഓഫീസർമാർ ആംബുലൻസ് സേവനം ആവശ്യപ്പെടുന്ന വ്യക്തിയിൽ നിന്ന് സ്ഥലവും അപകടത്തിന്റെ വിശദാംശവും മനസ്സിലാക്കി ജി.പി.എസ്. സംവിധാനത്തിന്റെ സഹായത്തോടുകൂടി ഏറ്റവും അടുത്തുള്ള ആംബുലൻസിനെ ആവശ്യക്കാരന്റെയടുത്ത് എത്തിച്ച് പരിശോധനയ്ക്ക് ശേഷം വേണ്ട ചികിത്സ കിട്ടുന്ന ആശുപത്രി തിരഞ്ഞെടുത്ത് എത്രയും പെട്ടെന്ന് എത്തിക്കുക എന്നുള്ളതാണ് അടിസ്ഥാനപരമായി ഈ സർവീസ് കൊണ്ട് ഉദ്ദേശിക്കുന്നത്. 315 ആംബുലൻസുകളാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. അവയിൽ 150 എണ്ണം 24 മണിക്കൂർ സേവനം നടത്തുന്നതും, 165 എണ്ണം 12 മണിക്കൂർ സേവനം നടത്തുന്നതുമാണ്. |
| (ഇ) | ഹൈറേഞ്ചിന്റെ കവാടവും, നിരവധി ആദിവാസി കോളനികൾ ഉൾപ്പെടുന്നതും, ഇടുക്കി ജില്ലയുമായി അതിർത്തി പങ്കിടുന്നതുമായ കോതമംഗലം മണ്ഡലത്തിൽ കൂടുതൽ കേന്ദ്രങ്ങളിൽ 108 ആംബുലൻസ് അനുവദിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കാമോ; വിശദമാക്കാമോ? | (ഇ) | ആംബുലൻസുകളുടെ പ്രവർത്തനങ്ങൾ വിലയിരുത്തി വാഹനങ്ങളുടെ എണ്ണം, സമയക്രമം, വാഹനത്തിന്റെ പാർക്കിംഗ്, ലൊക്കേഷൻ എന്നിവ സംബന്ധിച്ച നിർദ്ദേശങ്ങളിൽ നടപടി സ്വീകരിക്കേണ്ടത് ജില്ലാ കളക്ടർ ചെയർമാനായ കമ്മറ്റിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ ആരോഗ്യവകുപ്പ് സെക്രട്ടറി ചെയർമാനായുള്ള സംസ്ഥാനതല കമ്മറ്റിയാണ്. കോതമംഗലം മണ്ഡലത്തിൽ കൂടുതൽ കേന്ദ്രങ്ങളിൽ 108 ആംബുലൻസ് അനുവദിക്കുന്നതിനുള്ള ജില്ലാ കമ്മിറ്റിയുടെ ശിപാർശ ലഭിക്കുന്ന മുറയ്ക്ക് ഇക്കാര്യത്തിൽ സംസ്ഥാന കമ്മറ്റിക്ക് ഉചിതമായ തീരുമാനം കൈക്കൊള്ളാവുന്നതാണ്. |

സെക്ഷൻ ആഫീസർ